(ബി) എട്ടു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സന്തോഷ്, സുനിൽ, വേലായുധൻ, രാജു ഭാസ്ക്കരൻ, ശ്രീധരൻ, ബാലാജി, കുട്ടപ്പൻ എന്നിവരാണ് പ്രതികൾ.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

കൊടുങ്ങല്ലൂർ താലൂക്കിൽ അഗ്നിശമന സേനാവിഭാഗം യൂണിറ്റ്

101(842) പ്രൊഫ. മീനാക്ഷി തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ താലൂക്ക് ആസ്ഥാനത്ത് അഗ്നിശമന സേനാവിഭാഗത്തിന്റെ ഒരു യൂണിറ്റ് തുടങ്ങുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) 1999-2000 വർഷത്തിൽ തുടങ്ങുന്നതിനുള്ള പ്രയോറിറ്റി ലിസ്റ്റിൽ ഈ യൂണിറ്റിനെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(സി) ഈ സാമ്പത്തിക വർഷം ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുവേണ്ടി മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നതിനായുള്ള കരാർ നിർദ്ദേശത്തിൽ കൊടുങ്ങല്ലൂർ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊയിലാണ്ടി താലൂക്ക് ആസ്ഥാനത്ത് ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

102(843) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്ക് ആസ്ഥാനത്ത് വർഷങ്ങളായി പ്രൊപ്പോസലുള്ള ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) പുതിയ സാമ്പത്തിക വർഷം ഇക്കാര്യം പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

"അഴിമതി സംബന്ധിച്ച വിജിലൻസ് കേസുകൾ"

103(844) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുപ്രവർത്തക/ഉദ്യോഗസ്ഥ അഴിമതി സംബന്ധിച്ച എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സ്പെഷ്യൽ കോടതികളിൽ നിലവിൽ എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കേസുകളിൽ എത്ര മുൻമന്ത്രിമാർ, എത്ര ഐ.എ.എസ് എത്ര ഐ.പി.എസ്, മറ്റ് ആസ്ഥാന ഉദ്യോഗസ്ഥന്മാർ ഉണ്ട് എന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) അവരുടെ മേൽ ആരോപിക്കപ്പെട്ട കുറ്റകൃത്യങ്ങൾ അല്ലെങ്കിൽ ആരോപണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വിവിധ കേസുകളിൽ ആരെയെല്ലാമാണ് ശിക്ഷിച്ചിട്ടുള്ളതെന്നും ആരെല്ലാമാണ് ഇപ്പോഴും വിചാരണചെയ്തുകൊണ്ടിരിക്കുന്നതെന്നുമുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ) 677 എണ്ണം നിലവിലുണ്ട്

(ബി) 230 എണ്ണം

(സി) 6 മുൻമന്ത്രിമാരും 11 ഐ.എ.എസ് കാരും, 2 ഐ.പി.എസ്. കാരും, 1300 മറ്റുദ്യോഗസ്ഥന്മാരും ഉൾപ്പെടുന്നു. മുൻമന്ത്രിമാരിൽ ശ്രീ. കെ. കരുണാകരൻ, മുൻ മുഖ്യമന്ത്രി, ശ്രീ. ടി.എച്ച്. മുസ്തഫ, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. എം.ആർ. രഘുചന്ദ്രബാൽ, ശ്രീ. സി.വി. പത്മരാജൻ എന്നിവർ ഉൾപ്പെടുന്നു.

ഐ.എ.എസ്. കാരിൽ സർവ്വശ്രീ. എൻ.വി. മാധവൻ, ജെ. സുധാകരൻ, ആർ. രാമചന്ദ്രൻ നായർ (റിട്ടയേർഡ്) പി.കെ. മൊഹന്തി, എസ്, പത്മകുമാർ, (റിട്ടയേർഡ്), വി. സോമസുന്ദരം, ജി.ജി. തോംസൺ, പി.ജെ. തോമസ്, സക്കറിയാ മാത്യു (റിട്ടയേർഡ്), ജി. ഗോപാലാകൃഷ്ണപിള്ള(റിട്ടയേർഡ്), എം.ആർ. വിശ്വനാഥൻ നായർ (റിട്ടയേർഡ്) ടി.ജി. രാജേന്ദ്രൻ എന്നിവരും ഐ.പി.എസ്. കാരിൽ സർവ്വശ്രീ. പി.കെ. ലംബോദരൻ നായർ, സക്കറിയാ സെബാസ്റ്റ്യൻ എന്നിവരും ഉൾപ്പെടും.

(ഡി) ശ്രീ. കെ. കരുണാകരൻ - പാമോയിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട ആരോപണത്തിൽ വരവിൽ കഴിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്ന ആരോപണം മുതലായവ.

ശ്രീ. ടി.എച്ച്. മുസ്തഫ- പാമോയിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട ആരോപണം.

ശ്രീ. ടി.എം. ജേക്കബ്- കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുമായി ബന്ധപ്പെട്ടും എം.വി. ഐ.പി. യുമായി ബന്ധപ്പെട്ട ആരോപണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള- കർണ്ണാടകത്തിലെ ഗ്രാഫൈറ്റ് ഇന്ത്യാ ലിമിറ്റഡ് കമ്പനിയ്ക്ക് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി നൽകിയെന്ന ആരോപണം.

ശ്രീ. എം.ആർ. രഘുചന്ദ്രബാൽ - കണ്ണൂരിൽ എക്സൈസ് ഗാർഡുകളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട ആരോപണം.

ശ്രീ. സി.വി. പത്മരാജൻ- ബ്രഹ്മപുരം ഡീസൽ പവർ പ്രോജക്ടുമായി ബന്ധപ്പെട്ട ആരോപണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ.വി. മാധവൻ ഐ.എ.എസ്. - മുൻമന്ത്രി ശ്രീ. ടി.എം. ജേക്കബ് ഉൾപ്പെടുന്ന എം.വി.ഐ. പിയുമായി ബന്ധപ്പെട്ട കേസിലെ രണ്ടാം പ്രതിയാണ് ഇദ്ദേഹം. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതാണ് ശ്രീ. മാധവന്റെ പേരിലുള്ള മറ്റൊരു ആരോപണം. കൂടാതെ കുരിയാർകുറ്റി -കാരപ്പാറ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ആരോപണങ്ങളും.

ശ്രീ. ജെ. സുധാകരൻ - കണ്ണൂരിൽ എക്സൈസ് ഗാർഡുകളെ നിയമിച്ചതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആരോപണം.

ശ്രീ. ആർ. രാമചന്ദ്രൻ നായർ ഐ.എ.എസ്. (റിട്ടയേർഡ്) -ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്കു വേണ്ടി സ്ഥലം വാങ്ങിയതു സംബന്ധിച്ച ആരോപണം.

ശ്രീ. പി.കെ. മൊഹന്തി - മലബാർ സിമന്റ്സിൽ മസ്ദൂർമാരെ നിയമിച്ചതിലുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആരോപണം.

എസ്. പത്മകുമാർ (റിട്ടയേർഡ്) - വി. സോമസുന്ദരം ഐ.പി.എസ്.- ഇവരുടെ പേരിൽ ബിനാമി സിങ്ക് കമ്പനിക്കുവേണ്ടി ഷെയറുകൾ വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ

ജി.ജി തോംസൺ, പി.ജെ. തോമസ് - ഇവരുടെ പേരിൽ പാമോയിൽ ഇറക്കുമതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആരോപണങ്ങൾ

സക്കറിയാ മാത്യു (റിട്ടയേർഡ്) - പഞ്ചസാര മില്ലുകൾക്ക് വേണ്ടി അസംസ്കൃത സ്പിരിറ്റ് ഇറക്കുമതി നടത്തിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആരോപണം.

ശ്രി. ജി. ഗോപാലകൃഷ്ണപിള്ള (റിട്ടയേർഡ്) - കർണ്ണാടകത്തിലെ ഗ്രാഫൈറ്റ് ഇൻഡ്യാ ലിമിറ്റഡ് കമ്പനിക്ക് അനധികൃതമായി വൈദ്യുതി വിറ്റതുമായി ബന്ധപ്പെട്ട ആരോപണം.

ശ്രീ. എം.ആർ. വിശ്വനാഥൻ നായർ (റിട്ടയേർഡ്)- പഞ്ചസാര മില്ലുകൾക്ക് വേണ്ടി അസംസ്കൃത സ്പിരിറ്റ് ഇറക്കുമതി നടത്തിയതുമായി ബന്ധപ്പെട്ട ആരോപണം.

ശ്രീ. പി.കെ. ലംബോദരൻ നായർക്ക് എതിരെ വരുമാനത്തിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായ ആരോപണം.

ശ്രീ. സ്ക്കറിയാ സെബാസ്റ്റ്യൻ - കൈക്കൂലി ചോദിച്ചു വാങ്ങി എന്ന ആരോപണം.

(ഇ) മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ വിജിലൻസ് കേസുമായി ബന്ധപ്പെട്ട് കോടതി ശിക്ഷിച്ചിട്ടുണ്ട്. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്നുള്ള ആരോപണത്തിന്മേൽ രജിസ്റ്റർ ചെയ്ത് വിജിലൻസ് കേസിൽ റിട്ടയേർഡ് ഇൻസ്പെക്ടർ, ജനറൽ ഓഫ് പോലീസ് ശ്രീ. പി. ശശിധരൻ ഐ.പി.എസ് നെ കോടതി ശിക്ഷിച്ചിട്ടുണ്ട്. കൂടാതെ ഈഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ കേസുകളിലായി 101 മറ്റ് ഉദ്യോഗസ്ഥന്മാരേയും ശിക്ഷിച്ചിട്ടുണ്ട്. 366 ഉദ്യോഗസ്ഥന്മാർ ഇപ്പോഴും വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly